"ലേ ഓഫും ലോക്കൗട്ടും"

1003 [1894] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:
,, പി. എം. അബൂബേക്കർ:
,, പി. വി. മുഹമ്മദ്:
,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ:
,, എ. വി. അബ്ദുറഹിമാൻ ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1982 മുതലുള്ള സംസ്ഥാനത്തെ ലോക്കൗട്ടുകൾ എത്ര;

(ബി) ലേ ഓഫ് എത്ര എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ)

1. 1982—35
2. 1983—21
3. 1984—14
4. 1985—23
5. 1986—17 (15-7-1986 വരെ)

(ബി)

1. 1982—15
2. 1983—26
3. 1984—14
4. 1985—16
5. 1986—5 (15-7-1986 വരെ)

കുട്ടികളെക്കൊണ്ടു ഭാരിച്ച ജോലി ചെയ്യിക്കുന്നതു തടയാൻ നിയമം

1004 [1895] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളെക്കൊണ്ട് ഭാരിച്ച തൊഴിൽ ചെയ്യിപ്പിക്കുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് നിരോധിക്കുന്നതിനാവശ്യമായ നിയമം ഉണ്ടാക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) കേരളത്തിലെ സഹകാര്യ വ്യവസായ സ്ഥാപനങ്ങളിലും മറ്റും കുട്ടികളെക്കൊണ്ട് തൊഴിൽ ചെയ്യിപ്പിക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പക്ഷെ അവരെക്കൊണ്ട് ഭാരിച്ച ജോലി ചെയ്യിപ്പിക്കുന്നു എന്ന പരാതി ഇതുവരെ ലഭിച്ചിട്ടില്ല.

(ബി) കേരളത്തിലെ സഹകാര്യ വ്യവസായ സ്ഥാപനങ്ങളിലും മറ്റും പണിയെടുക്കുന്ന കുട്ടികളെ പരിരക്ഷിക്കുന്നതിനാവശ്യമായ നിയമങ്ങൾ നിലവിലുണ്ട്. പ്രസ്തുത നിയമങ്ങൾ ബന്ധപ്പെട്ട ലേബർ ഉദ്യോഗസ്ഥൻമാർ നടപ്പിലാക്കിവരുന്നു. കൂടാതെ ചൈൽഡ് ലേബറിനെപ്പറ്റി പഠിക്കാൻ നിയോഗിച്ചിരുന്ന ഗുരുപാദസ്വാമി

LIBRARY ARCHIVES Kerala Legislative Assembly